തുറമുഖ വകുപ്പിന്റെ ഓഫീസുകളിൽ പബ്ളിക് ഇൻഫർമേഷൻ കൗണ്ടറുകൾ

148 (214) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിന്റെ ഓഫീസുകളിൽ പബ്ളിക് ഇൻഫർമേഷൻ കൗണ്ടറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) ബോട്ട് ഡ്രൈവർ/സ്രാങ്ക് ഡ്രൈവർ ലൈസൻസുകൾ, ജലയാനങ്ങൾക്കുള്ള ലൈസൻസുകൾ എന്നിവ അനുവദിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ആലപ്പുഴ തുറമുഖ വകുപ്പിന്റെ ആഫീസിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി&സി) ഇല്ല. അപേക്ഷ ലഭിച്ചാൽ 30 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തിയാക്കി ലൈസൻസ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) 16 തസ്തികകൾ

(ഇ) ലൈറ്റ് കീപ്പർ സിഗ്നൽ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാസ്റ്റർഗ്രേഡ്, ഡ്രൈവർ ഗ്രേഡ് എന്നീ തസ്തികകൾ പ്രൊമോഷൻ വഴിയാണ് നിയമിക്കുന്നത്. അസിസ്റ്റന്റ് ക്രെയിൻ ഡ്രൈവറുടെ പോസ്റ്റ് നിർത്തലാക്കി മൊബൈൽ ക്രെയിൻ ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കുന്നതിനു വേണ്ടി തുറമുഖ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. ആലപ്പുഴ തുറമുഖത്തിൽ ജല വാഹനങ്ങൾ ഇല്ലാത്തതിനാൽ സീമാന്റെ തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly